ഉത്തരം

(എ) ഉണ്ട്. ഇതു സംബന്ധിച്ച പ്രോജക്ട് പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി, സി) നിർദ്ദേശം പരിഗണനയിലാണ്.

(ഡി) ഇല്ല.

(ഇ) പരിശോധിച്ചുവരുന്നു.

കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്

172 [948] ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് :
,, ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെ കീഴിലുള്ള സാംസ്കാരിക സ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ പലതും വിതരണത്തിന് യഥാസമയം കേരളാ സ്റ്റേറ്റ് ബുക്ക് മാർക്കിൽ എത്തിക്കാത്തതിനെക്കുറിച്ച് അന്വേഷിക്കാമോ;

(ബി) സ്വകാര്യ ഏജൻസികൾക്ക് പുസ്തകങ്ങൾ വിതരണത്തിന് നല്കുന്നതിനെ കുറിച്ച് അന്വേഷിക്കുമോ ;

(സി) നിശ്ചിത തുകയ്ക്ക് മാത്രമേ പുസ്തകങ്ങൾ ബുക്ക് മാർക്കിന് നൽകൂവെന്ന് പരിധിനിശ്ചയിച്ചിട്ടുള്ളത് എടുത്തുകളയുവാനും, സബ്സിഡി നിരക്കിൽ പുസ്തകങ്ങൾ വായനക്കാർക്ക് ബുക്ക് മാർക്കിലൂടെ വിതരണത്തിനെത്തിക്കാനും അടിയന്തിര നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ, ബി) സാംസ്കാരിക സ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് വില്പനയ്ക്കായി നല്കുന്നുണ്ട്. പുസ്തകങ്ങളുടെ വില്പന ത്വരിതപ്പെടുത്തുന്നതിനായി ചില സ്ഥാപനങ്ങൾ സ്വകാര്യ ഏജൻസികൾക്ക് നല്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പുസ്തകങ്ങൾക്ക് സബ്സിഡി ഇപ്പോൾതന്നെ നൽകുന്നുണ്ട് ബുക്കു മാർക്കിന് പുസ്തകങ്ങൾ നൽകുന്നതിന്റെ പരിധി പുനർനിർണ്ണയം ചെയ്യുന്ന കാര്യം പരിഗണനയിലാണ്.

ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്ന നടപടി

173 [949] ശ്രീ. എം. കുമാരൻ :

,, പി. നാരായണൻ :

,, എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആദിവാസി വിഭാഗങ്ങളിൽപ്പെടുന്നവർക്ക് ഭൂമി വിതരണം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനകം എത്ര പേർക്ക് ഭൂമി വിതരണം ചെയ്തു എന്നും ഓരോരുത്തർക്കും വിതരണം ചെയ്ത ഭൂമിയുടെ ശരാശരി അളവ് എത്ര വീതം എന്നും വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ മുഴുവൻ ആദിവാസികൾക്കും ഭൂമി വിതരണം ചെയ്യുന്ന ഒരു പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 3208 കുടുംബങ്ങൾക്കായി 5173.92 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ശരാശരി 1.6 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഭൂമി വിതരണം ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. അനുയോജ്യമായ ഭൂമിയുടെ ലഭ്യതക്കനുസരിച്ചു മാത്രമേ ഭൂവിതരണം പൂർത്തിയാക്കാൻ കഴിയുകയുള്ളൂ.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly